LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതിയുടെ ഉപഭോഗവും ഉല്പാദനവും

3 (3994) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെന്നും എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസരണ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ വർഷത്തെയും കഴിഞ്ഞ വർഷത്തെയും നവംബർ മാസം വരെയുള്ള കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ഉപഭോഗത്തിൽ 881.54 Mu വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉത്പാദനം കഴിഞ്ഞ വർഷത്തേതിൽ നിന്നും ഇതുവരെ 484.09 Mu കുറവ് വന്നിട്ടുണ്ട്. സംസ്ഥാനത്ത് 2013-14 വർഷത്തിലേക്ക് 3071.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ നഷ്ടമാണ് പ്രസരണ വിതരണം വഴി ഉണ്ടായിട്ടുള്ളത്. ഇത് മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ 14.96 ശതമാനമാണ്.

മുടങ്ങിപ്പോയ ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുവാൻ നടപടി

4 (3995) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ച ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണ് ഇപ്പോൾ മുടങ്ങിക്കിടക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയാതെ പോയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇത്തരം പദ്ധതികൾ മുടങ്ങിയത് കാരണം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ കഴിയാതെ പോയതെന്ന് വെളിപ്പെടുത്താമോ ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ മറികടക്കുവാനായി മുടങ്ങിപ്പോയ പദ്ധതികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ഇ) ജലവൈദ്യുത പദ്ധതികൾ മുടങ്ങിപ്പോയതുമൂലം വൈദ്യുത ഉത്പാദന രംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ)	1.	ആതിരപ്പള്ളി ജല വൈദ്യുത പദ്ധതി	163 MW 233 MU
	2.	അച്ചൻകോവിൽ ജല വൈദ്യുത പദ്ധതി	30 MW 72.30 MU
	3.	പാമ്പാർ ജല വൈദ്യുത പദ്ധതി	40 MW 82.58 MU

(ബി) വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാൻ വൈകുന്നത് കാരണമാണ് പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ പോയത്.

(സി) 233 മെഗാവാട്ട്.

(ഡി) ആതിരപ്പള്ളി ജല വൈദ്യുത പദ്ധതിക്കുള്ള പാരിസ്ഥിതിക അനുമതിക്കുള്ള എക്സ്പേർട്ട് അപ്രൈസൽ കമ്മറ്റി മീറ്റിംഗ് 12-12-2014-ൽ കേന്ദ്ര ഗവൺമെന്റ് വിളിച്ചു ചേർത്തിട്ടുണ്ട്. അച്ചൻകോവിൽ ജലവൈദ്യുത പദ്ധതിക്കുള്ള വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി വിട്ടു കിട്ടുന്നതിനുള്ള അപേക്ഷ സംസ്ഥാന വനം വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പാമ്പാർ ജല വൈദ്യുത പദ്ധതികളുടെ പാരിസ്ഥിതിക ആഘാത പഠനം പൂർത്തിയായി വരുന്നു.

(ഇ) ഉണ്ട്. കേരളത്തിൽ വൻകിട ജലവൈദ്യുത പദ്ധതികൾക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുവാനും വനഭൂമി വിട്ടുകിട്ടുന്നതിനുള്ള താമസവും സാങ്കേതിക ബുദ്ധിമുട്ടുകളും ഉള്ളതിനാൽ താരതമ്യേന പാരിസ്ഥിതിക ആഘാതം കുറഞ്ഞ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഇതിൻപ്രകാരം ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം 107.5 MW-ന്റെ 12 ചെറുകിട്ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു. കൂടാതെ 54.25 MW സ്ഥാപിത ശേഷിയുള്ള 11 പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മേയ് 2015- ന് മുമ്പ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതു കൂടാതെ 61.25 MW-ന്റെ 10 പുതിയ പദ്ധതികൾ അടുത്ത 2 വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻ വേണ്ടി കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly